DESPATCHED
On 21.7.22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 281(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No. 5112/SIC-Gen4/2022**
(ഉത്തരവുകൾ **sic.kerala.gov.in** -ൽ ലഭ്യമാണ്)

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 28**

ശ്രീമതി. ഏലിയാമ്മ ചെറിയാൻ,
വേലിയ്ക്കകെത്ത് വീട്,
മുണ്ടക്കയം പി.ഒ.,
കോട്ടയം ജില്ല- 686 513.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പേഴ്സണൽ അസിസ്റ്റന്റ് ടു ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കോട്ടയം.
2. അപ്പീൽ അധികാരി &
ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,
കോട്ടയം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 12.10.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 9.11.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 10.12.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 28.1.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.3.2022 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 25.3.2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 4.4.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 23.4.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയത | 28.6.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. ഏലിയാമ്മ ചെറിയാൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ ഒന്നും രണ്ടും എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും നൽകിയ മറുപടിയിലെ 6, 7 എന്നീ ഇനങ്ങൾക്ക് നൽകിയ മറുപടികൾ

തൃപ്തികരമല്ലെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഹർജിക്കാരി 10.12.2021-ന് സമർപ്പിച്ച അപ്പീൽ അപേക്ഷയ്ക്ക് 3.2.2022 നാണ് മറുപടി ലഭിച്ചതെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 12.10.2021-ന് സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് ടിയാളുടെ നിയമനാംഗീകാരം നിരസിച്ചതായി ഒന്നാം എതിർകക്ഷി ഓഫീസിൽ നിന്നും 6.10.2021-ന് ബി2/29422/2021 നമ്പരായി ഉത്തരവായിട്ടുള്ളതാണെന്നും ആയതിനാൽ നിയമപരമായ ആവശ്യങ്ങൾക്കായി താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരം വിവരങ്ങൾ നൽകണമെന്നുമാണ് :

1) 2015-16 മുതൽ നാളിതുവരെയുള്ള തസ്തിക നിർണ്ണയ ഉത്തരവുകളും സ്റ്റാഫ് സ്റ്റേറ്റുമെന്റുകളും ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിന്റെ കാരണമെന്തെന്നും

2) സേവന പുസ്തകത്തിന്റെ പകർപ്പ് ശുപാർശയോടൊപ്പം നൽകിയിട്ടും വീണ്ടും ആവശ്യപ്പെട്ടതിന്റെ കാരണമെന്തെന്നും മറ്റുമായി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 9.11.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. തുടർന്ന് ടിയാളുടെ അപേക്ഷയിലെ 6 & 7 ഇനങ്ങൾക്ക് തൃപ്തികരമായ മറുപടി നൽകിയില്ലെന്ന് പരാതിപ്പെട്ടുകൊണ്ട് 2-ാം എതിർകക്ഷിയ്ക്ക് ഹർജിക്കാരി അപ്പീൽ നൽകുകയുണ്ടായി. ടി അപ്പീൽ തീർപ്പാക്കി 28.1.2022-ന് മറുപടി നൽകിയതായി കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷക ഇതേ വിഷയവുമായി ബന്ധപ്പെട്ട് 22.3.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയുടെ പകർപ്പ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ 8.4.2021-ലെ ഡി.ജി.ഇ/4204/2021-ഇ.റ്റി3 നമ്പർ കത്ത് പ്രകാരം ടി ഓഫീസിലേക്ക് അയച്ചുനൽകുകയും ബന്ധപ്പെട്ട സെക്ഷനിൽ 15.4.2021-ൽ ലഭ്യമാവുകയും ടി അപേക്ഷകയ്ക്ക് 5.5.2021-ലെ എ.4/1743/21/എൽ.ഡിസ് നമ്പർ കത്ത് പ്രകാരം മറുപടി അയച്ചു നൽകുകയും ചെയ്തിട്ടുള്ളതാണെന്നും ടി വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും 13.9.2021-ന് കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസിലെ എസ്.പി.ഐ.ഒക്ക് വിവരാവകാശ അപേക്ഷ നൽകി എന്നും മുമ്പ് ലഭ്യമായ അപേക്ഷയിലെ ചോദ്യങ്ങളുമായി ബന്ധപ്പെട്ടതായതിനാലാണ് അപേക്ഷ അപ്പീൽ ആയി പരിഗണിച്ച് അപ്പീൽ അധികാരി നടപടി സ്വീകരിച്ചിട്ടുള്ളതെന്നും മേൽ അപേക്ഷകളിലെ വിഷയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്കുള്ള മറുപടി 13.10.2021-ലെ വിവരാവകാശ അപേക്ഷ പ്രകാരം വീണ്ടും ആവശ്യപ്പെടുകയും ആയതിന്റെ മറുപടി 9.11.2021-ലെ എ.4.6093/21 നമ്പർ കത്ത് പ്രകാരം അപേക്ഷയ്ക്ക് നൽകുകയും ചെയ്തിട്ടുള്ളതാണെന്നും ടി മറുപടിയിൽ അപേക്ഷക വീണ്ടും അപ്പീൽ അപേക്ഷ 10.12.2021-ൽ സമർപ്പിക്കുകയും നിയമനം സംബന്ധിച്ച വിഷയമായതിനാൽ മറുപടി നൽകുവാനായി ഇതുമായി ബന്ധപ്പെട്ട ടി ഓഫീസിലെ ബി2 സെക്ഷന് 24.12.2021-ന് നൽകി എന്നും ആയതിന് മറുപടി 28.1.2022-ലാണ് ലഭ്യമായതെന്നും ആയത്

28.1.2022-ലെ എ.4/7419/21 നമ്പർ കത്ത് പ്രകാരം അപേക്ഷകയ്ക്ക് അപ്പീൽ അധികാരിയുടെ നടപടി ഉത്തരവായി 28.1.2022-ൽ നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ പരിശോധിച്ചതിൽ, ഹർജിക്കാരി 7 ഇനങ്ങളിലായി നൽകിയ വിവരാവകാശ അപേക്ഷയിലെ 6, 7 എന്നീ ഇനങ്ങൾക്ക് എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്നും, 10.12.2021-ലെ ഒന്നാം അപ്പീൽ കാലതാമസം വരുത്തി 3.2.2021നാണ് മറുപടി ലഭിച്ചിട്ടുള്ളതെന്നുമാണ് ഹർജിക്കാരിയുടെ ആക്ഷേപം എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ, അപേക്ഷകന് ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. ഹർജിക്കാരി വിവരാവകാശ അപേക്ഷയിലെ 6, 7 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ടതുപോലെ വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടന്ന ചോദ്യങ്ങൾ, രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, ഒരു ഉത്തരവിന്റെ സാധുത പരിശോധിച്ച് അഭിപ്രായം നൽകണമെന്ന ആവശ്യം, ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. ആയതിനാൽ ഹർജിക്കാരിയുടെ അപേക്ഷയിലെ 6, 7 എന്നീ ഇനങ്ങൾക്ക് എതിർകക്ഷികൾ നൽകിയ മറുപടിയിൽ അപാകതയുള്ളതായി കാണുന്നില്ല. എന്നിരുന്നാലും നൽകിയ മറുപടിയിൽ ഹർജിക്കാരി ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ലഭ്യമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനും അവശ്യമായ രേഖകളുടെ പകർപ്പുകൾ സൗജന്യമായി നൽകുന്നതിനും ഒന്നാം എതിർകക്ഷി നടപടി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 28-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

bnk